LIBRARY ARCHIVES Kerala Legislative Assembly

എടക്കാട് പഞ്ചായത്തിൽ രണ്ട് അംഗൻവാടികൾ അനുവദിക്കണമെന്ന അപേക്ഷ

65 [3470] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എടക്കാട് പഞ്ചായത്തിൽ രണ്ട് അംഗൻവാടികൾ അനുവദിക്കണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ. സി. ഡി. എസ്. മാനദണ്ഡമനുസരിച്ച് സംസ്ഥാനതലത്തിൽ അംഗൻവാടികളുടെ എണ്ണം പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുമ്പോൾ ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്ത അംഗൻവാടികളിൽ നിന്നും 2 എണ്ണം എടക്കാട് പഞ്ചായത്തിന് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്കിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

66 [3471] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്കിൽ 'പാതിരപ്പറ്റ' എന്ന സ്ഥലത്ത് എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അംഗൻവാടികളിൽ വർക്കർ, ഹെൽപ്പർ എന്നീ പോസ്റ്റുകളിൽ ജോലി ചെയ്യുന്നവരുടെ പേരുവിവരവും വിശദമായ അഡ്രസ്സും വ്യക്തമാക്കാമോ;

(സി) ഇവർ ഓരോരുത്തരും ശമ്പളം ഇനത്തിൽ എത്ര രൂപ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരിൽ സ്ഥിര ജീവനക്കാർ ആരെല്ലാം; താൽക്കാലിക ജീവനക്കാർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 അംഗൻവാടികൾ. അവ താഴെ കാണിച്ചിരിക്കുന്നവയാണ്:

(1) സെന്റർ നമ്പർ: 61, എസ്. വി. കെ. പാതിരപ്പറ്റ, കുന്നുമ്മൽ പഞ്ചായത്ത്.

(2) സെന്റർ നമ്പർ: 62, കാപ്പുച്ചാൽ, കുന്നുമ്മൽ പഞ്ചായത്ത്.

(3) സെന്റർ നമ്പർ: 63, മയഞ്ഞിയിൽ കോളനി, കുന്നുമ്മൽ പഞ്ചായത്ത്.

(4) സെന്റർ നമ്പർ: 48, മേനാരത്ത് നരിപ്പറ്റ പഞ്ചായത്ത്.

(ബി) വിവരം ചുവടെ കൊടുത്തിരിക്കുന്നു:

സെന്റർ നമ്പർ: 61, എസ്. വി. കെ. പാതിരിപ്പറ്റ

വർക്കർ: ശ്രീമതി പുഷ്പലത, എം. കെ., മീത്തലെ നാരോള്ളതിൽ പാതിരപ്പറ്റ പി. ഒ.

ഹെൽപ്പർ: ശ്രീമതി നളിനി, കെ. പി., കൈതപ്പൊയിൽ, പാതിരപ്പറ്റ പി. ഒ.

സെന്റർ നമ്പർ: 62, കാപ്പുംചാൽ

വർക്കർ: ശ്രീമതി ലീല, എൻ. വി., തറമ്മേൽ, പാതിരപ്പറ്റ പി. ഒ.

ഹെൽപ്പർ: ശ്രീമതി നാരായണി, ഇ. സി., ഇടപ്പള്ളിച്ചിറയിൽ, പാതിരപ്പറ്റ പി. ഒ.

സെന്റർ നമ്പർ: 63, മയഞ്ഞിയിൽ കോളനി

വർക്കർ: ശ്രീമതി ചന്ദ്രി, കെ., തറമ്മേൽ പാതിരപ്പറ്റ പി. ഒ.

ഹെൽപ്പർ: ശ്രീമതി ഷീബ, സി., എള്ളിൽ, മൊകേരി പി. ഒ.

സെന്റർ നമ്പർ: 48, മേനാരത്ത്

വർക്കർ: ശ്രീമതി സീമ, പി. കെ., പാലൊള്ളതിൽ, ചീക്കോത്ത് പി. ഒ.
(2003 മേയ് മുതൽ ജോലി ചെയ്യുന്നു.)

ഹെൽപ്പർ: ശ്രീമതി പ്രിയ, കെ., കിളിയാട്ടുമ്മൽ, ചീക്കോത്ത് പി. ഒ.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൈപ്പറ്റിയ ഹോണറേറിയം തുക താഴെ കാണിച്ചിരിക്കുന്നു:

വർക്കർമാർ

ശ്രീമതി	പുഷ്പലത, എം. കെ.	..	15728 രൂപ
,,	ലീല, എൻ. വി.	..	15100 ,,
,,	ചന്ദ്രി	..	15100 ,,
,,	സീമ, വി. കെ. 2003 മേയ്മാസം മുതലാണ് ജോലി ചെയ്യുന്നത്.		

LIBRARY ARCHIVES Kerala Legislative Assembly

ഹെൽപ്പർമാർ

ശ്രീമതി	നളിനി, കെ. പി.	..	8552 രൂപ
,,	നാരായണി, ഇ. സി.	..	9360 ,,
,,	ഷീബ, സി.	..	8457 ,,
,,	പ്രിയ, കെ.	..	9360 ,,

(ഡി) എല്ലാ പേരും സ്ഥിരം ജീവനക്കാരാണ്.

മേട്രൻ ഗ്രേഡ്-1 റാങ്ക് ലിസ്റ്റ്

67 [3472] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിൽ മേട്രൻ ഗ്രേഡ്-1 തസ്തികയിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഒഴിവുള്ള തസ്തികയിൽ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഒന്ന്.

(സി) നടപടി സ്വീകരിച്ച് വരുന്നു.

സംസ്ഥാന ഐ. ടി. മിഷൻ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ

68 [3473] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ ഏതൊക്കെ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഈ പദ്ധതികളിലോരോന്നിലുമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly